## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1670 14/07/2016-ൽ മറുപടിക്ക്

# വൈദ്യുതി കണക്ഷൻ തുക ഒടുക്കുന്നതിൽ നിന്നും ബി.പി.എൽ, എസ്.സി/എസ്.ടി കുടുംബങ്ങളെ ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്, പോസ്റ്റിന്റെ വില, വൈദ്യുതി ലൈൻ വലിക്കുന്നതിന്റെ അകലം എന്നിവ കണക്കിലെടുത്ത് വലിയ തുക ഒടുക്കേണ്ടി വരുന്ന സാഹചര്യം നിവിലുണ്ടോ; | (എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിർമ്മിക്കേണ്ട ലൈനിന്റെയും ഉപയോഗിക്കുന്ന ഉപകരണങ്ങളുടെയും ചിലവ് അപേക്ഷകൻ വഹിക്കേണ്ടതുണ്ട്. ഇപ്രകാരം വൈദ്യുതി വിതരണ രംഗത്തെ വിവിധ ജോലികൾക്കുള്ള 2016-17 ലെ നിരക്കുകൾ കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മുൻ നിരക്കുകളെ അപേക്ഷിച്ച് ചില ജോലികൾക്ക് നിരക്ക് കുറയുകയും മറ്റുള്ളവയുടെ നിരക്കിൽ നേരിയ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത തുക ഒടുക്കുന്നതിൽ നിന്നും ബി.പി.എൽ, എസ്.സി/എസ്.ടി കുടുംബങ്ങളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ? | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകി വരുന്നുണ്ട്. കൂടാതെ 100% വൈദ്യുതീകരണം എന്ന ലക്ഷ്യം സഫലീകരിക്കുന്നതിനായി സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കാനുമുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ